# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1252. 06-03-2018 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണത്തിലെ അനിശ്ചിതത്വം

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണം അടുത്തകാലത്ത് അനിശ്ചിതത്വത്തിലായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | നെല്ല് സംഭരണത്തിന്റെ ചുമതല സിവിൽ സപ്ലൈസ് വകുപ്പാണ് നിർവ്വഹിച്ചു വരുന്നത്. പ്രോസസ്സിംഗ് ചാർജ്ജ് വർദ്ധന, ഔട്ട് ടേൺ റേഷ്യോ കുറയ്ക്കുന്നത് തുടങ്ങിയ വിഷയങ്ങളിൽ മില്ലുകാരുമായുണ്ടായ തർക്കത്തെ തുടർന്ന് ഈ സീസണിലെ നെല്ല് സംഭരണം ആരംഭിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് മൂന്ന് ആഴ്ച വൈകിയിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണത്തിൽ നിലവിലെ രീതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ, സംസ്കരണ, വിതരണ പദ്ധതി പ്രകാരമാണ് കേരളത്തിൽ സപ്ലൈകോ നെല്ല് സംഭരണം നടത്തുന്നത്. ഈ പദ്ധതി പ്രകാരം നെല്ല് സംഭരിക്കുവാൻ, നെല്ല് നൽകുവാൻ തയ്യാറായിട്ടുള്ള കർഷകർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും കൊയ്ത്ത് കഴിഞ്ഞ ഉടൻതന്നെ നെല്ല് ഏറ്റെടുക്കുന്നു. ഇങ്ങനെ ഏറ്റെടുത്ത നെല്ല് സംസ്കരിച്ച് അരിയാക്കി മാറ്റി പൊതുവിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. |
| (സി) | പ്രസ്തുത രീതി തുടരാൻ പറ്റില്ലെന്ന നിലപാട് എടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ അത്തരമൊരു നിലപാട് സ്വീകരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ